(സി)&(ഡി) കഴിയുന്നിടത്തോളം പൊതുജനങ്ങൾക്ക് അസൗകര്യം ഉണ്ടാകാത്ത വിധത്തിൽ കണ്ടെയിനറുകൾ സ്ഥാപിക്കാൻ ശ്രദ്ധിക്കാറുണ്ട്. കണ്ടെയിനറുകൾ ഇടയ്ക്കിടെ മാറ്റുന്നതുകൊണ്ടും, ചവറുകളിൽ സെൽറിച്ച് എന്ന പദാർത്ഥം വിതറുന്നതുകൊണ്ടും ദുർഗന്ധം ഒഴിവാകുന്നുണ്ട്.

**മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കാട്ടുന്ന ഉദാ സീനത**

**126 (2924)**ശ്രീ. പാലോട് രവി :
ശ്രീ. കെ.എ. ചന്ദ്രൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. പി.ജെ. ജോയി :
ഡോ. എം.എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയം ഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരപ്രദേശങ്ങളിലെ മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഉദാസീനത കാട്ടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ എല്ലാ നഗരങ്ങളിലും മാലിന്യങ്ങൾ യഥാസമയം നീക്കംചെയ്യുന്നതിനും നിക്ഷേപിക്കുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു;

(സി) എല്ലാ ജില്ലാകേന്ദ്രങ്ങളിലും ഡംബിംഗ് യാർഡുകൾ സ്ഥാപിക്കുന്നത് നിർബന്ധമാക്കുമോ?

ഉത്തരം

(എ) മാലിന്യങ്ങൾ യഥാവിധി സംസ്ക്കരിക്കുന്നതിന് വേണ്ടത്ര സ്ഥലം ലഭ്യമാകാത്തതും, സ്ഥലം ഉള്ളിടത്ത് ചവറ് സംസ്ക്കരിക്കുന്നതിനെതിരായി പരിസരവാസികളുടെ എതിർപ്പുക്കാരണം മാലിന്യസംസ്ക്കരണം തൃപ്തികരമായി നടത്തുന്നതിന് പല നഗരസഭകളും ബുദ്ധിമുട്ടുകൾ അഭിമുഖീകരിക്കുന്നുണ്ട്. എന്നാൽ ഇക്കാര്യത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഉദാസീനത കാട്ടുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഖരമാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്ക് നഗരസഭകൾ തയ്യാറാക്കി സമർപ്പിക്കുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിന് സാമ്പത്തിക സഹായം നൽകുന്ന ഒരു പദ്ധതി 1997-98 വർഷംമുതൽ സംസ്ഥാന സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. പ്രശ്നപ്രദേശങ്ങൾക്ക് മുൻഗണന നൽകി ഘട്ടംഘട്ടമായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ഈ പദ്ധതിക്ക് 1997-98,1998-99 എന്നീ വർഷങ്ങളിലായി 160 ലക്ഷം രൂപ നഗരസഭകൾക്ക് നൽകിയിട്ടുണ്ട്. നടപ്പു സാമ്പത്തിക വർഷത്തിൽ ടി ഇനത്തിൽ 150 ലക്ഷം രൂപ ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുണ്ട്. മാലിന്യത്തിൽനിന്ന് ജൈവവളം ഉൽപ്പാദിപ്പിച്ച് ശാസ്ത്രീയമായി മാലിന്യസംസ്കരണം നടത്തുവാൻ വലിയ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് കോഴിക്കോട്, കൊച്ചി, തിരുവനന്തപുരം, തൃശ്ശൂർ, കണ്ണൂർ, പാലക്കാട് എന്നീ നഗരസഭകൾ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ഇക്കാര്യത്തിൽ ചെറുകിട പ്ലാന്റുകൾ സ്ഥാപിക്കുവാൻ ഗുരുവായൂർ, വടകര, കൂത്തുപറമ്പ്, തളിപ്പറമ്പ്, ചാവക്കാട്, മട്ടന്നൂർ എന്നീ നഗരസഭകളും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ആരോഗ്യത്തിന് ഹാനികരമല്ലാത്ത രീതിയിൽ മാലിന്യ സംസ്കരണം നടത്താനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്താൻ എല്ലാ നഗര സഭകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

## ചവറുപെട്ടികൾ വൃത്തിയാക്കാൻ നടപടി

**127(2925)**ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയം ഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരസഭ, നഗരസഭാതിർത്തിക്കുള്ളിൽ എത്ര ചവറുപെട്ടികൾ സ്ഥാപിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഈ ചവറുപെട്ടികൾ ഇപ്പോൾ എത്ര ദിവസത്തിലൊരിക്കലാണ് വൃത്തിയാക്കി വരുന്നതെന്ന് അറിയിക്കുമോ; ഇവ കൃത്യമായി വൃത്തിയാക്കുന്നതിനുള്ള സംവിധാനം ഇപ്പോഴുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) തിരുവനന്തപുരം സിറ്റിക്കുള്ളിലെ തിരക്കുള്ള സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുള്ള ചവറുപെട്ടികളിലെ ചവറുകളെങ്കിലും ദിവസവും നീക്കം ചെയത് ദുർഗന്ധം ഉണ്ടാക്കുന്നത് തടയാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരം നഗരസഭാതിർത്തിക്കുള്ളിൽ ചവർ നിക്ഷേപിക്കുന്നതിന് 180 ചവറുപെട്ടികൾ സ്ഥാപിച്ചിട്ടുണ്ട്.

(ബി) പ്രധാന നിരത്തുകളിൽ സ്ഥാപിച്ചിട്ടുള്ള ചവറു പെട്ടികൾ ദിവസേനയും മറ്റുള്ളവ രണ്ടു ദിവസത്തിലൊരിക്കലും മാറ്റുവാനാണ് നഗരസഭ തീരുമാനിച്ചിട്ടുള്ളത്. എന്നാൽ ചവർ നിക്ഷേപിക്കുന്നതിനുള്ള സ്ഥലത്തിന്റെ ദൗർലഭ്യം കാരണം പലപ്പോഴും നിശ്ചിത സമയപരിധിക്കുള്ളിൽ ചവർ മാറ്റാൻ കഴിയാതെ വന്നിട്ടുണ്ട്.

(സി) ചവർ നിക്ഷേപിക്കുന്നതിന് താൽക്കാലികമായി സ്ഥലം ലഭ്യമാക്കി പ്രധാന നിരത്തുകളിൽ സ്ഥാപിച്ചിട്ടുള്ള ചവറുപെട്ടികളിലെ ചവറുകൾ ഇപ്പോൾ ദിവസവും നീക്കം ചെയ്യുന്നുണ്ട്. ഇതിനുപുറമേ ചവറ്പെട്ടികളിൽ സെൽറിച്ച് എന്ന പദാർത്ഥം വിതറി ദുർഗന്ധം ഇല്ലാതാക്കുകയും ചെയ്യുന്നുണ്ട്.

## കെട്ടിടനിർമ്മാണ അനുമതിക്കുള്ള അപേക്ഷകൾ

**128 (2926)**ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയം ഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരവികസനം ഉദ്ദേശിച്ചുള്ളതും പത്തോ പതിനഞ്ചോ അതിലേറെയോ വർഷം പഴക്കമുള്ളതുമായ ''റോഡ് വൈഡനിംഗ്'' പദ്ധതികളുടെ പേരിൽ മുനിസിപ്പൽ, കോർപ്പറേഷൻ പരിധിക്കുള്ളിൽ നിർമ്മിക്കാനുദ്ദേശിച്ചുള്ള കെട്ടിടനിർമ്മാണത്തിനുള്ള അപേക്ഷകൾ നിരസിക്കപ്പെടുന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വീടുവയ്ക്കുന്നതിനായി മാത്രം ഉദ്ദേശിച്ചു വാങ്ങിയ അഞ്ചോ ആറോ സെന്റു വീതമുള്ള പ്ലോട്ടുകൾ ഇക്കാരണത്താൽ മറിച്ചു വിൽക്കാൻ പോലും നിവൃത്തിയില്ലാത്ത അവസ്ഥയിൽ എത്തുന്നതായി അറിവുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly